# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1086** — **12/03/2015** ൽ മറുപടിക്ക്

### സൗജന്യ യൂണിഫോം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഏതു ക്ലാസുവരെയുള്ള ഏതൊക്കെ വിഭാഗം കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നല്കുന്നത്; എത്ര ജോഡി യൂണിഫോമാണ് ഓരോ കുട്ടിക്കും നല്കുന്നത്; വ്യക്തമാക്കാമോ; | (എ) | പുതുതായി ഒന്നാം ക്ലാസ്സിൽ ചേർന്നിട്ടുള്ള എ.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികളേയും 2 മുതൽ 8 വരെ ക്ലാസ്സുകളിൽ പുതിയതായി പ്രവേശനം നേടിയ എ.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികളേയുമാണ് ഈ അദ്ധ്യയന വർഷത്തെ എയിഡഡ് സ്കൂളുകൾക്കായുള്ള യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യൂണിഫോമിന്റെ തുകയായ 400/- രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിന് 1/9/2014 ലെ സ.ഉ(കൈ) നം.183/2014/പൊ.വി.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ ഏർപ്പെടുത്തിയ ഏജൻസി വഴിയാണോ യൂണിഫോം വിതരണം ചെയ്യുന്നത്; ഏത് കമ്പനി; ഇവർക്ക് എത്ര രൂപയാണ് നൽകിയത്; വ്യക്തമാക്കുമോ ; | (ബി) യും | 2013-14 ൽ സർക്കാർ വഴിയാണ് സൗജന്യ യൂണിഫോം വിതരണം ചെയ്തത്. നടപ്പ് അധ്യയന വർഷം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി) ഓപ്പൺ മാർക്കറ്റിൽ നിന്ന് യൂണിഫോം തുണി വാങ്ങി വിതരണം നടത്തുകയുണ്ടായി. |
| (സി) അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും പല സ്കൂളുകളിലും യൂണിഫോം എത്തിയിട്ടില്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) യും | തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സർക്കാർ അനുവദിച്ച യൂണിഫോം ബഹുഭൂരിപക്ഷം സ്കൂളുകളിലും ഉപയോഗിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ഒരേ യൂണിഫോം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനും, അതനുസരിച്ച് സ്കൂൾ വർഷാരംഭത്തിൽ തന്നെ യൂണിഫോമിനുള്ള തുക വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ